## അദ്ധ്യായം 3

# പുതുച്ചേരി നിയമസഭയിലെ മയ്യഴി

പുതുച്ചേരിയിലെ ജനപ്രതിനിധിസഭയുടെ ചരിത്രത്തിന് രണ്ട് ഭാഗമുണ്ട്. അതിലെ ആദ്യഭാഗം ഫ്രഞ്ച് ഭരണകാലത്തെ ജനറൽ കൗൺസിലിന്റേതാണ്. 1954-ൽ ഫ്രഞ്ച് ഭരണം അവസാനിച്ചതോടെയാണ് അതിന്റെ രണ്ടാംഘട്ടം ആരംഭിക്കുന്നത്. ഫ്രഞ്ചുകാർ പുതുച്ചേരിയിൽ അവരുടെ അധികാരകേന്ദ്രം സ്ഥാപിച്ചപ്പോൾ പുതുച്ചേരിയിലെ ഫ്രഞ്ച് അധികാരികളെ ഭരണപരമായ കാര്യങ്ങൾക്ക് പിന്തുണയ്ക്കുവാനും ഉപദേശങ്ങൾ നല്കാനുമുള്ള ഒരു സമിതി 1872-ൽ കൊളോണിയൽ അസംബ്ലി എന്ന പേരിൽ രൂപീകരിച്ചിരുന്നു. പൗരപ്രമുഖരിൽനിന്ന് നാമനിർദ്ദേശം ചെയ്യപ്പെട്ടവരായിരുന്നു അതിലെ അംഗങ്ങൾ. ഭരണത്തിൽ ജനപങ്കാളിത്തം ഉണ്ടാക്കാനുള്ള സംവിധാനം എന്ന നിലയിൽ വേണം ഇതിനെ കാണാൻ. ജനങ്ങളിൽനിന്ന് ഭരണാധികാരികൾ തെരഞ്ഞെടുത്ത പ്രതിനിധികളാണ് കൊളോണിയൽ അസംബ്ലിയിൽ ഉണ്ടായിരുന്നത്. ജനങ്ങൾ തെരഞ്ഞെടുത്ത ജനങ്ങളുടെ പ്രതിനിധികളല്ല, അതിനാൽ കൊളോണിയൽ അസംബ്ലിയെ ജനാധിപത്യപരമായ മൂല്യങ്ങളുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട വേദിയെന്ന നിലയിൽ പരിഗണിക്കാനാവില്ല.

1870 മുതൽ 1940-വരെ നീണ്ടുനിന്ന ഫ്രാൻസിലെ മൂന്നാം റിപ്പബ്ലിക് ജനാധിപത്യപരമായ മൂല്യങ്ങൾക്കും പൗരാവകാശങ്ങൾക്കും പ്രാധാന്യം നല്കിയ ഭരണസംവിധാനമാണ് സ്ഥാപിച്ചത്.

ഫ്രാൻസിന്റെ കോളണികളെ അവർ ഫ്രാൻസിന്റെ ഭാഗമായി ഉൾക്കൊള്ളാൻ സന്നദ്ധമായി. ഇതിന്റെ ഭാഗമായി ഫ്രാൻസിലേതിന് സമാനമായ ജനപ്രതിനിധിസഭകൾ ഭരണപരമായ അധികാരങ്ങളോടും അവകാശങ്ങളോടുംകൂടി രൂപീകരിക്കാൻ അവർ തീരുമാനിച്ചു. 1879-ലെ ഡിക്രി (Decree of 25 January 1879.) എന്ന പേരിലുള്ള ഉത്തരവ് പുറപ്പെടുവിച്ചത് ഇതിനായാണ്. നേരത്തെ ഉണ്ടായിരുന്ന പ്രതിനിധിസഭകളുടെ സ്ഥാനത്ത് ജനങ്ങളിൽനിന്ന് ജനാധിപത്യപരമായി തെരഞ്ഞെടുത്ത പ്രതിനിധികൾ ഉൾക്കൊള്ളുന്ന കോൺസേയ് ഴെനറാൽ (conseil général) എന്ന് അറിയപ്പെട്ട ഒരു ജനറൽ കൗൺസിലും പ്രാദേശികഭരണത്തിനായി കോൺസിയേ ലോക്കോ (conseils locaux) എന്നപേരിൽ അറിയപ്പെടുന്ന പ്രാദേശികഭരണസമിതികളും രൂപീകരിക്കാനാണ് ഈ ഡിക്രി വ്യവസ്ഥചെയ്യുന്നത്. പുതുച്ചേരിയിലെ ജനറൽ കൗൺസിൽ അസംബ്ലിയും, പ്രാദേശിക ഭരണസമിതികൾ മുനിസിപ്പാലിറ്റികളുമായി.

ജനറൽ കൗൺസിലിൽ ഇരുപത്തിയെട്ട് അംഗങ്ങളാണ് ഉണ്ടായിരുന്നത്. ഫ്രഞ്ച് അധീനപ്രദേശങ്ങളെ ജനസംഖ്യയുടെ അടിസ്ഥാനത്തിൽ ചെറുഘടകങ്ങളായി തിരിച്ചു. കൊമ്യൂൺ എന്നാണ് ഈ ചെറുഘടകത്തെ വിളിച്ചിരുന്നത്. ഓരോ കൊമ്യൂണിനും ഒരു മുനിസിപ്പാലിറ്റി എന്നതായിരുന്നു വ്യവസ്ഥ. ഓരോ കൊമ്യൂണിനും ജനറൽ അസംബ്ലിയിലേക്ക് പ്രതിനിധികളെ തെരഞ്ഞെടുത്ത് അയക്കാം. ഭൂമിശാസ്ത്രപരമായി വലിയ പുതുച്ചേരിയ്ക്ക് പന്ത്രണ്ട് അംഗങ്ങൾ, വലുപ്പത്തിൽ അതിനു കീഴെ വരുന്ന കാരിക്കാലിന് എട്ട് അംഗങ്ങൾ ചന്ദ്രനാഗോറിന് നാല് അംഗങ്ങൾ രണ്ട് അംഗങ്ങൾ വീതം മയ്യഴിക്കും യാനത്തിനും. അതാണ് അംഗത്വത്തിന്റെ വ്യവസ്ഥ. പിൽക്കാലത്ത് മാഹി, ചാലക്കര, പന്തക്കൽ എന്നിങ്ങനെ മൂന്ന് നിയോജകമണ്ഡലങ്ങൾ മയ്യഴിയിൽ നിലവിൽ വന്നു. സ്വാതന്ത്ര്യം ലഭിച്ചതിനുശേഷം പുതുച്ചേരിയിലെ അസംബ്ലിയിൽ മൂന്ന് അംഗങ്ങൾ ഈ മൂന്ന് നിയോജകമണ്ഡലങ്ങളിൽ നിന്ന് മയ്യഴിക്ക് ഉണ്ടായിരുന്നു.

ഫ്രഞ്ച് ആധിപത്യത്തിൽനിന്ന് പുതുച്ചേരി സ്വതന്ത്രമായതോടെ 1955-ൽ ജനപ്രതിനിധികളുടെ അസംബ്ലി (Representative Assembly of Pondicherry) രൂപീകരിക്കാനുള്ള തെരഞ്ഞെടുപ്പ് നടന്നു. ഈ തെരഞ്ഞെടുപ്പിൽ ഇന്ത്യൻ നാഷണൽ കോൺ

ഗ്രസ്സിന് ഇരുപത്തിയൊന്ന് സീറ്റും പീപ്പിൾസ് ഫ്രണ്ട്[1] എന്ന മുന്നണിയ്ക്ക് പതിനാറ് സീറ്റും സ്വതന്ത്രർക്ക് മൂന്ന് സീറ്റും ലഭിച്ചു. മാഹി ടൗൺ നിയോജകമണ്ഡലത്തിൽനിന്ന് സി. ഇ. ഭരതനും (കോൺഗ്രസ്സ്) പള്ളൂരിൽനിന്ന് മുച്ചിക്കൽ പത്മനാഭനും (സ്വതന്ത്രൻ) പന്തക്കലിൽനിന്ന് വി. എൻ. പുരുഷോത്തമൻ വിജയിച്ചു. കോൺഗ്രസ്സിലെ മോറിസ് പക്കീർസ്സാമിപ്പിള്ളെയുടെ നേതൃത്വത്തിൽ സർക്കാർ രൂപീകരിച്ചു. 1956-ൽ പക്കീർസ്സാമിപ്പിള്ളെ അന്തരിച്ചു. അതോടെ, എദ്വാർ ഗൂബേറിന്റെ നേതൃത്വത്തിലുള്ള അഞ്ചംഗ മന്ത്രിസഭ രൂപീകരിച്ചു. എങ്കിലും, അധികാരത്തിലേറിയ കോൺഗ്രസ്സിലെ അംഗങ്ങൾക്കിടയിലെ ഐക്യമില്ലായ്മയും കുറുമാറ്റവും കാരണം തുടക്കം മുതൽ സ്ഥിരതയില്ലാത്ത ഗവൺമെന്റായിരുന്നു രൂപീകരിക്കപ്പെട്ടത്. പ്രശ്നങ്ങളുടെ ഗൗരവം കണക്കിലെടുത്ത് കേന്ദ്രസർക്കാർ ഇടപെട്ട് 1958-ൽ അസംബ്ലി പിരിച്ചുവിട്ട് ചീഫ് കമ്മീഷണറെ ഭരണച്ചുമതല ഏല്പിച്ചു. രണ്ടാമത്തെ തെരഞ്ഞെടുപ്പ് 1959-ൽ നടന്നു.

1959-ൽ നടന്ന തെരഞ്ഞെടുപ്പിലും കോൺഗ്രസ്സിനായിരുന്നു ഭൂരിപക്ഷം ലഭിച്ചത്. മുപ്പത്തിയൊമ്പത് അംഗങ്ങളുള്ള അസംബ്ലിയിൽ കോൺഗ്രസ്സിന് ഇരുപത്തിയൊന്ന് അംഗങ്ങൾ ഉണ്ടായിരുന്നു. ഈ തെരഞ്ഞെടുപ്പിലും മക്കൾ മുന്നണി എന്ന പേരിലായിരുന്നു കമ്യൂണിസ്റ്റ് പാർട്ടി മത്സരിച്ചത്. പതിമൂന്ന് സീറ്റുകളിൽ വിജയിച്ച അവർ പ്രതിപക്ഷമായി. മയ്യഴി ടൗൺ മണ്ഡലത്തിൽനിന്ന് വിജയിച്ചത് സി. ഇ. ഭരതനായിരുന്നു. പ്രജാ സോഷ്യലിസ്റ്റ് പാർട്ടിക്ക് ഒരു അംഗമുണ്ടായിരുന്നു. പള്ളൂർ മണ്ഡലത്തിൽനിന്ന് വിജയിച്ച പി. കെ. രാമനായിരുന്നു, അത്. പന്തക്കൽ മണ്ഡലത്തിൽനിന്ന് വിജയിച്ചത് വി. എൻ. പുരുഷോത്തമനായിരുന്നു. നാല് സ്വതന്ത്രരും വിജയിച്ചിരുന്നു. കോൺഗ്രസ്സിലെ വി. വെങ്കടസുബ്ബറെഡ്ഡ്യാർ മുഖ്യമന്ത്രിയായി. ഈ മന്ത്രിസഭയിൽ പ്രാദേശികഭരണം, വിദ്യാഭ്യാസം, ഗതാഗതം എന്നീ വകുപ്പുകളുടെ മന്ത്രിയായി സി. ഇ. ഭരതൻ ചുമതലയേറ്റു. എദ്വാർ ഗൂബേർ, ഗൗരിസ്സാമിപ്പിള്ളെ, പി. ഷൺമുഖം , മുഹമ്മദ് ഇസ്മായിൽ മരൈക്കാർ എന്നിവരായിരുന്നു മറ്റ് മന്ത്രിമാർ. പുതുച്ചേരിയിലെ എക്കാലത്തെയും വലിയ നേതാവായ കമ്യൂണിസ്റ്റ് പാർട്ടിയുടെ വി. സുബ്ബയ്യയായിരുന്നു

[1] പീപ്പിൾസ് ഫ്രണ്ട്- മക്കൾ മുന്നണി എന്ന പേരിലാണ് കമ്യൂണിസ്റ്റ് പാർട്ടി മത്സരിച്ചത്.

പ്രതിപക്ഷ നേതാവ്.

1963 ജൂലായ് ഒന്നിന് ജനപ്രതിനിധികളുടെ അസംബ്ലി നിയമസഭയായി. പുതിയ നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടവരായി പരിഗണിച്ച് നിലവിലുള്ള മുപ്പത്തിയൊമ്പത് അംഗങ്ങൾ അസംബ്ലിയിലും തുടർന്നു. പുതിയ അസംബ്ലിയിൽ സർക്കാർ രൂപീകരിച്ചത് എഡ്വേർഡ് ഗുബേറായിരുന്നു. നേരത്തെ മന്ത്രിസഭയിലുണ്ടായിരുന്ന സി. ഇ. ഭരതനെയും പി. ഷൺമുഖത്തെയും ഒഴിവാക്കി എം. കെ. ജീവരത്നം, വി. എം. സി. വരദപ്പിള്ളെ എന്നിവരെ പുതുതായി ഉൾപ്പെടുത്തിയുമാണ് ഗുബേർ മന്ത്രിസഭ രൂപീകരിച്ചത്.

1964-ൽ നിയോജകമണ്ഡലങ്ങളുടെ പുനർനിർണ്ണയം നടന്നു. ജനസംഖ്യ, ഭൂവിസ്തൃതി എന്നിങ്ങനെയുള്ള ഘടകങ്ങളെ അടിസ്ഥാനമാക്കി പുനർനിർണ്ണയം നടത്തിയപ്പോൾ മയ്യഴിയിലെ നിയോജകമണ്ഡലത്തിന്റെ എണ്ണം രണ്ടായി ചുരുങ്ങി; മയ്യഴിയും പള്ളൂരും. മയ്യഴി നിയോജകമണ്ഡലം മാഹി ടൗൺ കൂടാതെ ചെറുകല്ലായിയും ചാലക്കരയുടെ ഒരു ഭാഗവും ചെമ്പ്രയും ഉൾപ്പെടുന്നതായിരുന്നു. ബാക്കി പ്രദേശങ്ങൾ എല്ലാം ഉൾക്കൊള്ളുന്നതായിരുന്നു പള്ളൂർ നിയോജകമണ്ഡലം. 1964-ലെ തെരഞ്ഞെടുപ്പിൽ മയ്യഴി നിയോജകമണ്ഡലത്തിൽ ചരിത്രപ്രസിദ്ധമായ തെരഞ്ഞെടുപ്പാണ് നടന്നത്. മയ്യഴി വിമോചനസമരത്തിന്റെ നായകനായ ഐ. കെ. കുമാരൻ മാസ്റ്റർ സ്വതന്ത്രനായി മത്സരിച്ചു. എതിരെ മത്സരിച്ചത് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ വളവിൽ കേശവൻ വക്കീലായിരുന്നു. മയ്യഴിയിൽ 90.18 ശതമാനം വോട്ട് രേഖപ്പെടുത്തിയ ഈ തെരഞ്ഞെടുപ്പിൽ 2283 വോട്ട് കേശവൻ വക്കീലിനും 2270 വോട്ട് കുമാരൻ മാസ്റ്റർക്കും ലഭിച്ചു. കേവലം പതിമൂന്ന് വോട്ടിനാണ് കുമാരൻ മാസ്റ്റർ പരാജയപ്പെട്ടത്. പള്ളൂർ നിയോജകമണ്ഡലത്തിൽ കോൺഗ്രസ്സിന്റെ വി. എൻ. പുരുഷോത്തമനും കമ്യൂണിസ്റ്റ് പാർട്ടിയുടെ പൂത്തട്ട നാരായണനുമാണ് മത്സരിച്ചത്. മക്കൾമുന്നണി എന്ന പേരിൽ പുതുച്ചേരിയിലും കാരിക്കാലിലും മത്സരിക്കുന്ന കമ്യൂണിസ്റ്റ് പാർട്ടി മാഹിയിൽ സ്ഥാനാർത്ഥിയെ സ്വതന്ത്രനാക്കിയാണ് മത്സരിച്ചത്. 92.18 ശതമാനം വോട്ടുകൾ പോൾ ചെയ്യപ്പെട്ട തെരഞ്ഞെടുപ്പിൽ 1,102 വോട്ടിന്റെ ഭൂരിപക്ഷത്തിനാണ് വി. എൻ. പുരുഷോത്തമൻ വിജയിച്ചത്. വെങ്കിടസുബ്ബ റെഡ്ഡ്യാരുടെ നേതൃത്വ

ത്തിലുള്ള കോൺഗ്രസ്സ് സർക്കാരാണ് അധികാരമേറ്റത്.

1969-ൽ നടന്ന തെരഞ്ഞെടുപ്പിൽ മയ്യഴി നിയോജകമണ്ഡലത്തിൽ മത്സരരംഗത്ത് കഴിഞ്ഞ തെരഞ്ഞെടുപ്പിലെ സ്ഥാനാർത്ഥികൾ തന്നെയാണ് മുഖ്യമായും ഉണ്ടായിരുന്നത്. 83.50 ശതമാനം വോട്ട് രേഖപ്പെടുത്തിയ ഈ തെരഞ്ഞെടുപ്പിൽ 2885 വോട്ടുനേടി 907 വോട്ടിന്റെ ഭൂരിപക്ഷത്തിൽ ഐ. കെ. കുമാരൻമാസ്റ്റർ വളവിൽ കേശവൻ വക്കീലിനെ പരാജയപ്പെടുത്തി. പള്ളൂരിൽ ഇത്തവണ കോൺഗ്രസ്സിന്റെ വി. എൻ. പുരുഷോത്തമനെതിരെ മത്സരിച്ചത് സ്വതന്ത്രനായ പോന്തയാട്ട് അനന്തനായിരുന്നു. ഭൂരിപക്ഷം 1,361 വോട്ടാക്കി വി. എൻ. പുരുഷോത്തമൻ വിജയം ആവർത്തിച്ചു. കോൺഗ്രസ്സിലെ എം. ഒ. എച്ച്. ഫറൂക്ക് മരക്കാറായിരുന്നു മുഖ്യമന്ത്രി.

1974-ലാണ് അടുത്ത തെരഞ്ഞെടുപ്പ് നടക്കുന്നത്. ഐ. കെ. കുമാരൻ മാസ്റ്റർ സ്വതന്ത്രനായി വീണ്ടും മത്സരരംഗത്തുണ്ടായിരുന്നു. അദ്ദേഹത്തിനെതിരെ മത്സരിച്ച സ്ഥാനാർത്ഥികളിൽ പ്രമുഖൻ കമ്യൂണിസ്റ്റ് പാർട്ടി (മാർക്സിസ്റ്റ്)ന്റെ കുന്നുമ്മൽ രാഘവൻ എന്ന കെ. വി. രാഘവനായിരുന്നു. 288 വോട്ടിന്റെ ഭൂരിപക്ഷത്തിൽ കെ. വി. രാഘവൻ വിജയം നേടി. കോൺഗ്രസ്സ് സ്ഥാനാർത്ഥിയായി സി. ഇ. ഭരതനും, അഖിലേന്ത്യാ അണ്ണാ ദ്രാവിഡ മുന്നേറ്റ കഴകത്തിന്റെ സ്ഥാനാർത്ഥിയായി എൻ. ചക്രപാണി വക്കീലും സ്വതന്ത്ര സ്ഥാനാർത്ഥിയായി പൂത്തട്ട നാരായണനും രംഗത്തുണ്ടായിരുന്നു. ചക്രപാണി വക്കീലിന്റെ തെരഞ്ഞെടുപ്പ് പ്രചാരണത്തിനായി എം. ജി. ആർ മയ്യഴിയിൽ വന്നുവെന്നത് ഈ തെരഞ്ഞെടുപ്പിലെ പ്രധാനപ്പെട്ട സംഭവമായിരുന്നു. പള്ളൂരിൽ 899 വോട്ടിന്റെ ഭൂരിപക്ഷത്തിൽ സ്വതന്ത്ര സ്ഥാനാർത്ഥിയായ മൊട്ടമ്മൽ പോക്കുവിനെ വി. എൻ. പുരുഷോത്തമൻ പരാജയപ്പെടുത്തി. അണ്ണാ ദ്രാവിഡ മുന്നേറ്റ കഴകത്തിന്റെ സ്ഥാനാർത്ഥിയായി അഡ്വ. എൻ. കെ. സചീന്ദ്രനാഥും മത്സരരംഗത്തുണ്ടായിരുന്നു. പുതുച്ചേരിയിൽ അണ്ണാ ദ്രാവിഡ മുന്നേറ്റ കഴകമാണ് എസ്. രാമസ്സാമി മുഖ്യമന്ത്രിയായി മന്ത്രിസഭ രൂപീകരിച്ചത്. പന്ത്രണ്ട് അംഗങ്ങൾ മാത്രമുണ്ടായിരുന്ന അണ്ണാ ദ്രാവിഡ മുന്നേറ്റ കഴകം കെ. വി. രാഘവൻ ഉൾപ്പെടെയുള്ളവരുടെ പിന്തുണ നേടിയാണ് ഭരണത്തിലേറിയത്. അല്പായുസ്സായിരുന്ന ഈ മന്ത്രിസഭയുടെ പതനത്തിനു ശേഷം 1977-ൽ വീണ്ടും തെരഞ്ഞെടുപ്പ് നടന്നു.

1977-ൽ മുഖ്യസ്ഥാനാർത്ഥികൾ സി. പി. ഐ (എം)-ന്റെ കെ. വി. രാഘവനും കോൺഗ്രസ്സിന്റെ പി. കെ. രാമനുമായിരുന്നു. കെ. വി. രാഘവൻ ഇത്തവണ സ്വതന്ത്രസ്ഥാനാർത്ഥിയായാണ് മത്സരിച്ചത്. കോൺഗ്രസ്സിലെ യുവാക്കളുടെ നേതാവായ വി. മുരളീധരൻ സ്വതന്ത്രനായി മത്സരിച്ചു. മുരളീധരന്റെ സ്ഥാനാർത്ഥിത്വം കോൺഗ്രസ്സ് വോട്ടുകൾ ഭിന്നിക്കുന്നതിന് വഴിയൊരുക്കി. അതിശക്തമായ മത്സരത്തിൽ കെ. വി. രാഘവൻ 12 വോട്ടിന്റെ ഭൂരിപക്ഷത്തിനാണ് വിജയിച്ചത്. കെ. വി. രാഘവന് 2,847 വോട്ടും പി. കെ. രാമന് 2,835 വോട്ടുമാണ് ലഭിച്ചത്. പള്ളൂരിൽ കോൺഗ്രസ്സിന്റെ സ്ഥാനാർത്ഥി വി. എൻ. പുരുഷോത്തമനായിരുന്നു. അദ്ദേഹത്തിനെതിരെ ജനതാ പാർട്ടിയുടെ ടി. കെ. ചന്ദ്രശേഖരൻ മാസ്റ്റർ സ്വതന്ത്രസ്ഥാനാർത്ഥിയായി. 2,853 വോട്ട് നേടി 556 വോട്ടിന്റെ ഭൂരിപക്ഷത്തിൽ ടി. കെ. ചന്ദ്രശേഖരൻ വി. എൻ. പുരുഷോത്തമനെ പരാജയപ്പെടുത്തി. പള്ളൂരിന്റെ ചരിത്രത്തിൽ വൻമരത്തിന്റെ പതനമായിരുന്നു അത്. പുതുച്ചേരിയിൽ സർക്കാർ രൂപീകരിച്ചത് അഖിലേന്ത്യാ അണ്ണാ ദ്രാവിഡ മുന്നേറ്റ കഴകത്തിന്റെ എസ്. രാമസ്സാമിയായിരുന്നു.

ഫ്രഞ്ചുകാരുടെ കാലംമുതൽ മയ്യഴി രാഷ്ട്രീയത്തിലെ നിർണ്ണായക സ്വാധീനമായിരുന്നു വി. എൻ. പുരുഷോത്തമൻ. തുടക്കത്തിൽ പുതുച്ചേരിയിലെ ഫ്രഞ്ചനുകൂല രാഷ്ട്രീയത്തിന്റെ ഭാഗമായി മയ്യഴിയിൽ പ്രവർത്തിക്കുകയും മുനിസിപ്പൽ തെരഞ്ഞെടുപ്പുകളിൽ മത്സരിച്ച് തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിന്റെ ഭാഗമായ ഇദ്ദേഹം 1977-വരെ ഒരിക്കലും പരാജയപ്പെട്ടിരുന്നില്ല. 1947-നുശേഷം ഇദ്ദേഹം ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിൽ ചേരുന്നുണ്ട്. അപ്പോഴും പുതുച്ചേരിയിലെ രാഷ്ട്രീയബലതന്ത്രത്തിന്റെ ഭാഗമായി ഫ്രഞ്ചനുകൂലനിലപാട് തുടർന്നു. മയ്യഴി ഉപരോധത്തോടെ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ ഭാഗമായി. 1961-ൽ മയ്യഴി മേയറായി. 1974-ൽ മേയർ സ്ഥാനം മുനിസിപ്പൽ ചെയർമാൻ എന്ന് പുനർനാമകരണം ചെയ്യപ്പെട്ടു. അദ്ദേഹം ആ സ്ഥാനത്ത് 1978-വരെ തുടർന്നു. ഇക്കാലത്ത് അദ്ദേഹം പള്ളൂർ നിയോജകമണ്ഡലത്തിൽനിന്നുള്ള എം. എൽ. എ കൂടിയായിരുന്നു. 1944 മുതൽ 1955-വരെ പള്ളൂർ നിയോജകമണ്ഡലത്തിൽനിന്നുള്ള റപ്രസന്റേറ്റീവ് കൗൺസിൽ അംഗമായിരുന്നു. അത് ഇന്നത്തെ എം. എൽ. എ. പദവിക്ക് തുല്യമാണ്. 1955 മുതൽ 1977-വരെ പള്ളൂരിനെ പ്രതിനിധീകരിച്ച എം. എൽ. എ,-യുമായിരുന്നു. പള്ളൂർ നിയോജകമണ്ഡലത്തെ

മൊത്തം മുപ്പത്തിമൂന്ന് വർഷം തുടർച്ചയായി അദ്ദേഹം പുതുച്ചേരിയിൽ അസംബ്ലിയിൽ പ്രതിനിധീകരിച്ചു. ഇതേ സമയത്തു തന്നെ പതിമൂന്ന് വർഷം മയ്യഴി മേയറും മൂന്ന് വർഷം മുനിസിപ്പൽ ചെയർമാനുമായിരുന്നു.

1980-ലാണ് അടുത്ത തെരഞ്ഞെടുപ്പ് നടക്കുന്നത്. കെ. വി. രാഘവൻ മയ്യഴിയിൽ സി. പി. ഐ.(എം)-ന്റെ സ്ഥാനാർത്ഥിയായാണ് ഇത്തവണ മത്സരിച്ചത്. അദ്ദേഹത്തിന്റെ എതിർസ്ഥാനാർത്ഥി മുസ്ലിം ലീഗിലെ സി. വി. സുലൈമാൻ ഹാജിയായിരുന്നു.. മുൻമന്ത്രി സി. ഇ. ഭരതന്റെ ഭാര്യ മാവി ഭരതനും അഡ്വ. എൻ. ചക്രപാണിയും വി. പി. രാമകൃഷ്ണനും പൂത്തട്ട നാരായണനും സ്വതന്ത്രരായി മത്സരിച്ചിരുന്നു. 464 വോട്ടിന്റെ ഭൂരിപക്ഷത്തിലാണ് ഇത്തവണ കെ. വി. രാഘവൻ വിജയിച്ചത്. പള്ളൂരിൽ കോൺഗ്രസ്സിന്റെ സ്ഥാനാർത്ഥിയായി അഡ്വ. എൻ. കെ. സചീന്ദ്രനാഥും അദ്ദേഹത്തിനെതിരെ മാഹി സ്പിന്നിംഗ് മില്ലിലെ തൊഴിലാളിനേതാവും കലാ-സാംസ്കാരികപ്രവർത്തകനുമായ എ. വി. ശ്രീധരനാണ് മത്സരിച്ചത്. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് (യു) വിഭാഗത്തിന്റെ സ്ഥാനാർത്ഥിയായിരുന്നു എ. വി. ശ്രീധരൻ. ഇത്തവണ അഡ്വ. സചീന്ദ്രനാഥിനെയാണ് പള്ളൂർ മണ്ഡലം തെരഞ്ഞെടുത്തത്. 100 വോട്ടിന്റെ ഭൂരിപക്ഷമാണ് അദ്ദേഹത്തിന് ലഭിച്ചത്. ദ്രാവിഡ മുന്നേറ്റ കഴകത്തിന്റെ ഡി. രാമചന്ദ്രൻ മുഖ്യമന്ത്രിയായുള്ള മന്ത്രിസഭയാണ് അധികാരമേറ്റത്. ഡി. എം. കെ-യ്ക്ക് പതിനാലും കോൺഗ്രസ്സിന് പത്തും അംഗങ്ങളായിരുന്നു സഭയിൽ ഉണ്ടായിരുന്നത്. ജനതാപാർട്ടി മൂന്ന്, കമ്യൂണിസ്റ്റ് പാർട്ടി (മാർക്സിസ്റ്റ്) ഒന്ന്, സ്വതന്ത്രന്മാർ രണ്ട് എന്നതായിരുന്നു മറ്റുള്ളവരുടെ കക്ഷിനില. കെ. വി. രാഘവന്റെ പിന്തുണകൂടി നേടിയാണ് മന്ത്രിസഭ നിലവിൽ വന്നത്.

പിന്തുണ നല്കുന്നതിന്റെ ഭാഗമായി കെ. വി. രാഘവന് മന്ത്രിസ്ഥാനം വാഗ്ദാനം ചെയ്തിരുന്നു. മന്ത്രിസ്ഥാനത്തിനു പകരം ഭരണത്തിൽ ഇടപെട്ട് ഭൂപരിഷ്കരണം ഉൾപ്പെടെയുള്ള വിഷയങ്ങളിൽ ശ്രദ്ധചെലുത്താനാണ് അന്ന് പാർട്ടി ജനറൽ സെക്രട്ടറിയായിരുന്ന ഇ. എം. എസ് നിർദ്ദേശിച്ചത്. ഇത് ഫലപ്രദമായി നടപ്പിലാക്കാൻ കെ. വി. രാഘവന് സാധിച്ചു. കുടികിടപ്പുകാർക്ക് അവരുടെ പാർപ്പിടത്തിൽ അവകാശം ലഭിക്കാൻ കേരള മാതൃകയിൽ നിയമനിർമ്മാണം നടത്തുവാൻ സർക്കാർ സന്നദ്ധമായി. കൗതു

കകരമായ വസ്തുത, ഈ നിയമം മയ്യഴിക്ക് മാത്രം ബാധകമാകുന്ന വിധത്തിലാണ് ചിട്ടപ്പെടുത്തിയത് എന്നതാണ്. മയ്യഴിയിൽ ഈ നിയമത്തിന്റെ ഗുണം ഭൂരഹിതരായ അഞ്ഞൂറോളം കുടുംബങ്ങൾക്ക് ലഭിച്ചു.

1985-ലാണ് അടുത്ത തെരഞ്ഞെടുപ്പ് നടക്കുന്നത്. വളരെ ക്കാലം തുടർച്ചയായി കെ. വി. രാഘവൻ വിജയിച്ചുകൊണ്ടിരുന്ന മയ്യഴി മണ്ഡലത്തിൽ ഇത്തവണ അദ്ദേഹത്തിന്റെ എതിർസ്ഥാനാർത്ഥിയായി കോൺഗ്രസ്സിലെ പി. കെ. സത്യാനന്ദനായിരുന്നു മത്സരിച്ചത്. ഇന്ത്യൻ യൂനിയൻ മുസ്ലിം ലീഗിന്റെ സുലൈമാൻ ഹാജി ഇത്തവണയും മത്സരിച്ചു. വളവിൽ സുധാകരൻ, അബ്ദുൾ ഗഫൂർ, വി. കെ. ഭരതൻ എന്നിവർ സ്വതന്ത്രരായി മത്സരിച്ചു. 976 വോട്ടിന്റെ ഭൂരിപക്ഷത്തിൽ പി. കെ. സത്യാനന്ദൻ കെ. വി. രാഘവനെ പരാജയപ്പെടുത്തി. മൂന്ന് തവണ വിജയിച്ച് കെ. വി. രാഘവൻ നിയമസഭയിൽ എത്തിയിരുന്നെങ്കിലും ഒരു തവണപോലും കാലാവധി പൂർത്തിയാക്കിയ നിയമസഭയിൽ പ്രവർത്തിക്കുവാൻ അദ്ദേഹത്തിന് സാധിച്ചിരുന്നില്ല. പള്ളൂരിൽ കോൺഗ്രസ്സിലേക്ക് തിരിച്ചെത്തിയ എ. വി. ശ്രീധരനാണ് ഇത്തവണ ജനതാപാർട്ടി യിലെ ടി. കെ. ചന്ദ്രശേഖരൻ മാസ്റ്ററെ നേരിട്ടത്. 1,823 വോട്ടിന്റെ ഭൂരിപക്ഷത്തിലാണ് എ. വി. ശ്രീധരൻ വിജയിച്ചത്. രമേശൻ പി. സി. പി., എൻ. കെ. സതീശൻ എന്നിവർ സ്വതന്ത്രസ്ഥാനാർത്ഥിക ളായി മത്സരിച്ചിരുന്നു. മുപ്പതംഗ നിയമസഭയിൽ കോൺഗ്രസ്സിന് പതിനഞ്ച് അംഗങ്ങളുണ്ടായിരുന്നു. കോൺഗ്രസ്സ് നേതാവായ എം. ഒ. എച്ച്. ഫറൂക്ക് മരക്കാർ മുഖ്യമന്ത്രിയായ സഭയിൽ മുഖ്യമന്ത്രിയുടെ പാർലമെന്ററി സെക്രട്ടറിയായി പി. കെ. സത്യാനന്ദൻ നിയമി ക്കപ്പെട്ടു. പിന്നീട് ഡപ്യൂട്ടി സ്പീക്കറായി പി. കെ. സത്യാനന്ദനെ തെരഞ്ഞെടുത്തു. സംസ്ഥാന അസംബ്ലികളിലെ പ്രൈസെഡിംഗ് ഓഫീസർമാരുടെ ദേശീയതലത്തിലുള്ള സമ്മേളനം പാർലമെ ന്റിൽ വെച്ച് നടന്നപ്പോൾ പുതുച്ചേരിയെ പ്രതിനിധീകരിച്ചത് പി. കെ. സത്യാനന്ദനായിരുന്നു. ആ സമ്മേളനത്തിൽ പാർലമെന്റിൽ സംസാരിക്കുവാൻ ക്ഷണിക്കപ്പെട്ട അംഗമായിരുന്നു അദ്ദേഹം. പാർലമെന്റ് രേഖകളിൽ മയ്യഴിക്കാരനായ ഈ ജനപ്രതിനിധിയുടെ പ്രസംഗം ഇപ്പോഴുമുണ്ട്. പുതുച്ചേരിയിലെ രാഷ്ട്രീയാനിശ്ചിതത്വം കാരണം കാലാവധി പൂർത്തിയാകാതെ തകർന്നുപോകുന്ന നിയമ സഭകളുടെ ചരിത്രത്തിൽ ഒരു അപവാദമായി ഈ സഭ കാലാവധി

പൂർത്തിയാക്കിയാണ് പിരിഞ്ഞത്.

1990-ൽ ഇ. വത്സരാജാണ് കോൺഗ്രസ്സിന്റെ സ്ഥാനാർത്ഥി യായത്. സി. പി. ഐ (എം) സ്ഥാനാർത്ഥിയായത് പള്ളൂർ സ്പി ന്നിംഗ് മില്ലിലെ തൊഴിലാളിയും ട്രെയ്ഡ് യൂനിയൻ നേതാവുമായ മുക്കത്ത് ജയനാനായിരുന്നു. ഭാരതീയ ജനതാ പാർട്ടി സ്ഥാനാർ ത്ഥിയായി സി. പി. ഗണേശൻമത്സരിച്ചു. ഈ തെരഞ്ഞെടുപ്പിൽ സ്വതന്ത്രരായി പി. ചന്ദ്രൻ, ബദറുദ്ദീൻ, അഡ്വ. എം. സിദ്ധാർത്ഥൻ എന്നിവരും മത്സരരംഗത്തുണ്ടായിരുന്നു. വത്സരാജിന് 5,142 വോട്ടും മുക്കത്ത് ജയന് 3,304 വോട്ടും ലഭിച്ചു. 1,838 വോട്ടിന്റെ ഭൂരിപക്ഷ ത്തിനാണ് ഇ. വത്സരാജ് വിജയിച്ചത്. പള്ളൂരിൽ എ. വി. ശ്രീധരൻ കോൺഗ്രസ്സ് സ്ഥാനാർത്ഥിയായി. ഇടതുപക്ഷമുന്നണിയുടെ സ്ഥാനാർത്ഥി ശ്രീധരൻ നമ്പ്യാർ ആയിരുന്നു. ഇടതുപക്ഷത്തെ ചിലർ കെ. ഗംഗാധരനെ സ്വതന്ത്രസ്ഥാനാർത്ഥിയായി മത്സ രിപ്പിച്ചു. ഭാരതീയ ജനതാ പാർട്ടിയുടെ സ്ഥാനാർത്ഥി ചന്ദ്രൻ ആയിരുന്നു. എ. വി. ശ്രീധരന് 5,288 വോട്ടും ഗംഗാധരന് 2,576 വോട്ടും ലഭിച്ച് ഒന്നും രണ്ടും സ്ഥാനത്തെത്തി. 2,712 വോട്ടിന്റെ ഭൂരിപക്ഷത്തിനാണ് എ. വി. ശ്രീധരൻ വിജയിച്ചത്. ദ്രാവിഡ മുന്നേറ്റ കഴകത്തിന്റെ ഡി. രാമചന്ദ്രൻ മുഖ്യമന്ത്രിയായ മന്ത്രിസഭയാണ് നിലവിൽ വന്നത്. കഷ്ടിച്ച് ഒരു വർഷത്തിൽ കുറഞ്ഞ ആയുസ്സ് മാത്രമേ ഈ നിയമസഭയ്ക്ക് ഉണ്ടായിരുന്നുള്ളൂ.

1991-ൽ വീണ്ടും തെരഞ്ഞെടുപ്പ് നടന്നു. മയ്യഴിയിൽ കോൺ ഗ്രസ്സിന്റെ സ്ഥാനാർത്ഥി ഇ. വത്സരാജും പള്ളൂരിൽ എ. വി. ശ്രീധരനുമായിരുന്നു. വത്സരാജിനെ ഇത്തവണ നേരിട്ടത് കെ. വി രാഘവനായിരുന്നു. ഭാരതീയ ജനതാ പാർട്ടിയുടെ സ്ഥാനാർ ത്ഥിയായി മത്സരരംഗത്തെത്തിയത് സി. പി. ഗണേശൻ. പാട്ടാളി മക്കൾ കക്ഷിയുടെ സ്ഥാനാർത്ഥിയായി ചന്ദ്രൻ മത്സരിച്ചു. കമ്യൂ ണിസ്റ്റ് പാർട്ടി സ്ഥാനാർത്ഥിയായി മത്സരിച്ച കെ. വി. രാഘവന് 2,421 വോട്ടും വത്സരാജിന് 5,099 വോട്ടും ലഭിച്ചു. ഇ. വത്സരാജ് 2,678 വോട്ടിന്റെ ഭൂരിപക്ഷത്തിൽ വിജയിച്ചു. പള്ളൂരിൽ എ. വി. ശ്രീധരന് 4,922 വോട്ടും കെ. എം. രാജുമാസ്റ്റർക്ക് 2,620 വോട്ടുമാണ് ലഭിച്ചത്. എ. വി. ശ്രീധരന്റെ ഭൂരിപക്ഷം 2,302 വോട്ടായിരുന്നു. പുതുച്ചേരിയിൽ വി. വൈത്തിയലിംഗം മുഖ്യമന്ത്രിയായി കോൺഗ്രസ്സ് മന്ത്രിസഭ നിലവിൽവന്നു. ഇ. വത്സരാജിനെ ചീഫ് വിപ്പായി നിയമിച്ചു. എ. വി. ശ്രീധരൻ മുഖ്യമന്ത്രിയുടെ പാർലമെന്ററി

സെക്രട്ടറിയായും നിയമിക്കപ്പെട്ടു.

1996-ൽ നിയമസഭയിലേക്ക് ഇ. വത്സരാജ് വീണ്ടും മയ്യഴിയിലെ കോൺഗ്രസ്സ് സ്ഥാനാർത്ഥിയായി. ഇടതുപക്ഷത്തിന്റെയും മറ്റ് ബഹുജനപ്രസ്ഥാനങ്ങളുടെയും പൊതുസ്ഥാനാർത്ഥിയായി കോൺഗ്രസ്സിൽനിന്ന് പുറത്തുപോന്ന മനോളി മുഹമ്മദ് മത്സരരംഗത്തെത്തി. വാശിയേറിയ ഒരു മത്സരത്തിന് ഇത് കളമൊരുക്കി. ഭാരതീയ ജനതാ പാർട്ടിയുടെ സ്ഥാനാർത്ഥി വി. കൃഷ്ണരാജ് ആയിരുന്നു. 4,184 വോട്ടാണ് വത്സരാജിന് ലഭിച്ചത്. മനോളി മുഹമ്മദിന് ലഭിച്ചത് 3,915 വോട്ടായിരുന്നു. 269 വോട്ടിന്റെ ഭൂരിപക്ഷത്തിനാണ് ഇത്തവണ വത്സരാജ് ജയിച്ചത്. പള്ളൂരിൽ എ. വി. ശ്രീധരനെതിരെ മത്സരിച്ചത് ജനതാദളിന്റെ പനങ്ങാട്ടിൽ കാദറാണ്. ഭരതീയ ജനതാ പാർട്ടിയുടെ സ്ഥാനാർത്ഥി സി. പി. ഗണേശനായിരുന്നു. മുൻ ഡപ്യൂട്ടി സ്പീക്കർ പി. കെ. സത്യാനന്ദൻ കോൺഗ്രസ്സിൽനിന്ന് പുറത്തുവന്ന് തമിഴ് മാനില കോൺഗ്രസ്സിന്റെ സ്ഥാനാർത്ഥിയായി മത്സരിച്ചു. 4,253 വോട്ട് എ. വി. ശ്രീധരന് ലഭിച്ചു. 2,929 വോട്ടാണ് പനങ്ങാട്ടിൽ കാദറിന് ലഭിച്ചത്. എ. വി. ശ്രീധരന്റെ ഭൂരിപക്ഷം 1,324 വോട്ടായിരുന്നു. ദ്രാവിഡ മുന്നേറ്റ കഴകവും തമിഴ് മാനില കോൺഗ്രസ്സും സഖ്യമായി ആർ. വി. ജാനകിരാമൻ മുഖ്യമന്ത്രിയായി മന്ത്രിസഭ നിലവിൽവന്നു.

2000-ൽ ജാനകീരാമൻ മന്ത്രിസഭ ഭൂരിപക്ഷം നഷ്ടപ്പെട്ട് പിരിച്ചുവിട്ടപ്പോൾ പി. ഷണ്മുഖത്തിന്റെ നേതൃത്വത്തിൽ കോൺഗ്രസ്സ് മന്ത്രിസഭ രൂപീകരിച്ചു. നിയമസഭാംഗമല്ലാത്ത ഷൺമുഖം യാനത്ത് മത്സരിച്ച് സഭാംഗമായി. ഈ മന്ത്രിസഭയിൽ ഇ. വത്സരാജ് ആരോഗ്യവകുപ്പിന്റെ ചുമതലയുള്ള മന്ത്രിയായി ചുമതലയേറ്റു. എ. വി. ശ്രീധരൻ മുഖ്യമന്ത്രിയുടെ പാർലമെന്ററി സെക്രട്ടറിയായി നിയമിക്കപ്പെട്ടു.

2001-ലെ തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സിന്റെ സ്ഥാനാർത്ഥി ഇ. വത്സരാജ് തന്നെയായിരുന്നു. ഇത്തവണയും അദ്ദേഹത്തിന്റെ പ്രധാനപ്പെട്ട എതിർസ്ഥാനാർത്ഥി മനോളി മുഹമ്മദ് തന്നെയായിരുന്നു. അഡ്വ. എൻ. കെ. രജീന്ദ്രൻ ഭാരതീയ ജനതാ പാർട്ടിയുടെയും കെ. ലക്ഷ്മണൻ അഖിലേന്ത്യാ അണ്ണാ ദ്രാവിഡ മുന്നേറ്റ കഴകത്തിന്റെയും സ്ഥാനാർത്ഥികളായി മത്സരിച്ചു. 2,535 വോട്ടിന്റെ ഭൂരിപക്ഷത്തിൽ ഇ. വത്സരാജ് വിജയിച്ചു. പള്ളൂരിൽ

കോൺഗ്രസ്സിന്റെ സ്ഥാനാർത്ഥി എ. വി. ശ്രീധരനായിരുന്നു. അദ്ദേഹത്തിനെതിരെ കമ്യൂണിസ്റ്റ് പാർട്ടി (മാർക്സിസ്റ്റ്)ന്റെ പി. ദിനേശൻ മത്സരിച്ചു. ഭാരതീയ ജനതാ പാർട്ടിയുടെ സ്ഥാനാർത്ഥിയായി സി. പി. ഗണേശനും പാട്ടാളി മക്കൾ കക്ഷിയുടെ സ്ഥാനാർത്ഥിയായി അഡ്വ. എൻ. കെ. സചീന്ദ്രനാഥും മത്സരിച്ചു. 1,463 വോട്ടിന്റെ ഭൂരിപക്ഷത്തിൽ എ. വി. ശ്രീധരൻ വിജയിച്ചു. കോൺഗ്രസ്സിലെ പി. ഷൺമുഖം മുഖ്യമന്ത്രിയായി മന്ത്രിസഭ ചുമതലയേറ്റു. ഈ മന്ത്രിസഭയിൽ ഇ. വത്സരാജിനും എ. വി. ശ്രീധരനും പദവികളൊന്നും മുഖ്യമന്ത്രി നല്കിയില്ല. പക്ഷെ, ആറ് മാസത്തിനകം സഭാംഗമാവാൻ കഴിയാതെ പോയതിനാൽ ഷൺമുഖത്തിന് രാജിവെച്ച് ഒഴിയേണ്ടിവന്നു. എൻ. രംഗസ്വാമി മുഖ്യമന്ത്രിയായി ചുമതലയേറ്റു. ഈ മന്ത്രിസഭയിൽ ഇ. വത്സരാജ് വീണ്ടും ആരോഗ്യമന്ത്രിയായി. എ. വി. ശ്രീധരൻ പാർലമെന്ററി സെക്രട്ടറിയായി നിയമിക്കപ്പെട്ടു.

2006-ൽ നടന്ന തെരഞ്ഞെടുപ്പിലും കോൺഗ്രസ്സിന്റെ സ്ഥാനാർത്ഥിയായി മയ്യഴിയിൽ ഇ. വത്സരാജുംപള്ളൂരിൽ എ. വി. ശ്രീധരനുംതുടർന്നു. മയ്യഴിയിൽ കമ്യൂണിസ്റ്റ് പാർട്ടി (മാർക്സിസ്റ്റ്)ന്റെ സ്ഥാനാർത്ഥിയായി അഡ്വ. ടി. അശോക് കുമാറും ഭാരതീയ ജനതാ പാർട്ടിയുടെ സ്ഥാനാർത്ഥിയായി വി. ബാലനും മത്സരിച്ചു. പള്ളൂരിൽ എ. വി. ശ്രീധരനെതിരെ കമ്യൂണിസ്റ്റ് പാർട്ടി (മാർക്സിസ്റ്റ്)ന്റെ ടി. കെ. ഗംഗാധരൻ, ഭാരതീയ ജനതാ പാർട്ടിയുടെ കെ. സത്യൻ, അഖിലേന്ത്യാ അണ്ണാ ദ്രാവിഡ മുന്നേറ്റ കഴകത്തിന്റെ കെ. ലക്ഷ്മണൻ എന്നിവരാണ് മത്സരരംഗത്തുണ്ടായത്. മയ്യഴിയിൽ 1,947 വോട്ടിന്റെ ഭൂരിപക്ഷത്തിൽ ഇ. വത്സരാജും പള്ളൂരിൽ 1,475 വോട്ടിന്റെ ഭൂരിപക്ഷത്തിൽ എ. വി. ശ്രീധരനും വിജയിച്ചു. എൻ. രംഗസ്വാമി മുഖ്യമന്ത്രിയായി കോൺഗ്രസ്സ് മന്ത്രസഭ ചുമതലയേറ്റു. ഈ മന്ത്രിസഭയിൽ ഇ. വത്സരാജ് ആരോഗ്യമന്ത്രിയായി. എ. വി. ശ്രീധരൻ ഡപ്യൂട്ടി സ്പീക്കറായി. ഈ മന്ത്രിസഭ മാറി വി. വൈത്തിയലിംഗത്തിന്റെ നേതൃത്വത്തിൽ പുനഃസംഘടിപ്പിച്ച മന്ത്രിസഭയിൽ ഇ. വത്സരാജ് ആഭ്യന്തരമന്ത്രിയായി. എ. വി. ശ്രീധരൻ ഡപ്യൂട്ടി സ്പീക്കറായി തുടർന്നു.

2011-ൽ വീണ്ടും മണ്ഡലങ്ങളുടെ പുനർനിർണ്ണയം നടന്നു. അതോടെ മയ്യഴിയും പള്ളൂരും ചേർന്ന ഒറ്റ നിയോജകമണ്ഡലമായി മയ്യഴി മാറി. പുതുച്ചേരി നിയമസഭയിലെ മുപ്പത് നിയോജകമണ്ഡലങ്ങളിൽ ഇരുപത്തൊമ്പതാമത് നിയോജകമണ്ഡലമാണ് ഇപ്പോൾ

മയ്യഴി.

മയ്യഴി ഒറ്റ നിയോജകമണ്ഡലമായി ആദ്യത്തെ തെരഞ്ഞെടുപ്പ് നടക്കുന്നത് 2011-ലാണ്. ഇത്തവണയും കോൺഗ്രസ്സിന്റെ സ്ഥാനാർത്ഥി ഇ. വത്സരാജ് ആയിരുന്നു. കമ്യൂണിസ്റ്റ് പാർട്ടി (മാർക്സിസ്റ്റ്)ന്റെ ടി. കെ. ഗംഗാധരൻ ആയിരുന്നു മുഖ്യ എതിർ സ്ഥാനാർത്ഥി. അഡ്വ. എൻ. കെ . രജീന്ദ്രൻ ഭാരതീയ ജനതാ പാർട്ടിയുടെ സ്ഥാനാർത്ഥിയായിരുന്നു. ഈ തെരഞ്ഞെടുപ്പിൽ 6,104 വോട്ടിന്റെ ഭൂരിപക്ഷത്തിലാണ് വത്സരാജ് വിജയിച്ചത്. ഇ. വത്സരാജിന് 13,297 വോട്ടും ടി. കെ. ഗംഗാധരൻ 7,193 വോട്ടുമാണ് കിട്ടിയത്. ഇക്കാലമാവുമ്പോഴേക്കും കോൺഗ്രസ്സ് വിട്ട എൻ. രംഗസ്വാമി, പുതിയ പാർട്ടി എൻ. ആർ. കോൺഗ്രസ്സ് എന്ന പേരിൽ രൂപീകരിച്ചിരുന്നു. എൻ. രംഗസ്വാമി മുഖ്യമന്ത്രിയായ മന്ത്രിസഭയാണ് അധികാരമേറ്റത്.

2016-ൽ തെരഞ്ഞെടുപ്പ് നടന്നപ്പോൾ വീണ്ടും കോൺഗ്രസ്സ് സ്ഥാനാർത്ഥിയായി ഇ. വത്സരാജ് മത്സരിച്ചു. അദ്ദേഹത്തെ എതിരിട്ടത് രാഷ്ട്രീയപ്രവർത്തകനായിരുന്നിട്ടില്ലാത്ത, മഹാത്മാഗാന്ധി ഗവൺമെന്റ് ആർട്സ് കോളേജിലെ ഹിന്ദി വിഭാഗം മേധാവിയായിരുന്ന, ഡോ. വി. രാമചന്ദ്രനായിരുന്നു. ഭാരതീയ ജനതാ പാർട്ടിയുടെ സ്ഥാനാർത്ഥിയായി പി. ടി. ദേവരാജൻ, അഖിലേന്ത്യാ എൻ. ആർ. കോൺഗ്രസ്സിന്റെ സ്ഥാനാർത്ഥി അഡ്വ. അബ്ദുൾറഹ്മാൻ, അഖിലേന്ത്യാ അണ്ണാ ദ്രാവിഡ മുന്നേറ്റ കഴകത്തിന്റെ സി. കെ. ഭാസ്കരൻ, എസ്. ഡി. പി. ഐ. സ്ഥാനാർത്ഥിയായി സി. കെ. ഉമ്മർ മാസ്റ്റർ, പാട്ടാളി മക്കൾ കക്ഷിയുടെ ഷാജ് കുമാർ വി. വി. സ്വതന്ത്രരായി ജാനകിട്ടീച്ചർ, കാദർകുട്ടി, സുലോചന കെ. ഇ. എന്നിവരും മത്സരരംഗത്തുണ്ടായിരുന്നു. ഫലം എന്തായിരിക്കുമെന്ന ഉത്കണ്ഠ അന്തരീക്ഷത്തിൽ നിറഞ്ഞ പ്രചരണമാണ് നടന്നത്. ഡോ. വി. രാമചന്ദ്രൻ 2,139 വോട്ടിന്റെ ഭൂരിപക്ഷത്തിൽ കാൽ നൂറ്റാണ്ട് മയ്യഴിയെ പ്രതിനിധാനംചെയ്ത ഇ. വത്സരാജിനെപരാജയപ്പെടുത്തി. അദ്ദേഹത്തിന് 10,797 വോട്ട് ലഭിച്ചു. ഇ. വത്സരാജിന്റെ വോട്ട് 8,658 ആയിരുന്നു. കോൺഗ്രസ്സിലെ അഡ്വ. വി. നാരായണസ്വാമിമുഖ്യമന്ത്രിയായുള്ള മന്ത്രിസഭയാണ് അധികാരത്തിലേറിയത്.

കേന്ദ്രത്തിൽ ഭാരതീയ ജനതാ പാർട്ടിയുടെ സർക്കാർ നിലവിൽവന്ന സാഹചര്യത്തിൽ അവർക്കെതിരായ പാർട്ടികൾ

ഭരിക്കുന്ന സംസ്ഥാനങ്ങളിൽ പിടിമുറുക്കാൻ പറ്റിയവരെ ഗവർണ്ണർമാരായി നിയമിക്കുന്ന രീതി നിലവിൽവന്നിരുന്നു. സംസ്ഥാന സർക്കാരിന്റെ പ്രവർത്തനങ്ങളെ ആകാവുന്നത്ര അലങ്കോലമാക്കുകയെന്നതാണ് ഭരണഘടനാപദവിയിലിരുന്ന് ഇത്തരം ഗവർണ്ണർമാർ ചെയ്തിരുന്നത്. പുതുച്ചേരിയിൽ കിരൺ ബേദിയെയാണ് ലഫ്റ്റനന്റ് ഗവർണ്ണറായി നിയമിച്ചത്. കേന്ദ്രത്തിൽ പ്രധാനമന്ത്രിയുടെ ഓഫീസിന്റെ ചുമതലയുണ്ടായിരുന്ന മിനിസ്റ്റർ ഓഫ് സ്റ്റേറ്റ് എന്ന സുപ്രധാനപദവി വഹിച്ചിരുന്ന നാരായണസ്വാമിയുടെ കീഴിൽ ജോലിചെയ്ത ഒരു ഐ. പി. എസ്. ഓഫീസറായിരുന്നു കിരൺ ബേദി. ഇവർ തമ്മിൽ താൻപോരിമയെക്കുറിച്ചുള്ള തർക്കങ്ങൾ കാരണം സർക്കാരിന്റെ പരിപാടികൾ അലങ്കോലമാക്കുകയെന്ന പരിപാടിയുമായി രംഗത്തെത്തിയ ലഫ്റ്റനന്റ് ഗവർണ്ണർ സർക്കാർ സമസ്തപരിപാടികളും പദ്ധതികളും തകർക്കുന്നയാളായി മാറി. മുഖ്യമന്ത്രി നാരായണസ്വാമി പ്രഖ്യാപിക്കുന്ന പദ്ധതികൾക്കെല്ലാം ലഫ്റ്റനന്റ് ഗവർണ്ണർ ഉടക്കിട്ടു.

പുതുച്ചേരി നിയമസഭയിലേക്ക് ഒടുവിൽ തെരഞ്ഞെടുപ്പ് നടന്നത് 2021-ലാണ്. കോൺഗ്രസ്സിന്റെ സ്ഥാനാർത്ഥിയായി ഇത്തവണ മത്സരിച്ചത് നേരത്തെ മുനിസിപ്പൽ ചെയർമാനായിരുന്ന രമേശ് പറമ്പത്താണ്. അദ്ദേഹത്തിന്റെ എതിർസ്ഥാനാർത്ഥികൾ ഇടതുപക്ഷ സ്വതന്ത്രനായി അദ്ധ്യാപകനായിരുന്ന എൻ. ഹരിദാസൻ മാസ്റ്റർ, അഖിലേന്ത്യാ എൻ. ആർ. കോൺഗ്രസ്സിന്റെ അഡ്വ. അബ്ദുൾറഹ്മാൻ, ഡി. എം. ഡി. കെ-യുടെ ജാനകിട്ടീച്ചർ, എസ്. ഡി. പി. ഐ സ്ഥാനാർത്ഥിയായി സി. കെ. ഉമ്മർ മാസ്റ്റർ, സ്വതന്ത്രനായി ശരത് ഉണ്ണിത്താൻ എന്നിവരായിരുന്നു. 9,744 വോട്ട് നേടിയ രമേശ് പറമ്പത്ത് വിജയിച്ചു. ഭൂരിപക്ഷം 300 വോട്ട്. ഹരിദാസൻ മാസ്റ്റർക്ക് ലഭിച്ചത് 9,444 വോട്ടാണ്. ഭാരതീയ ജനതാ പാർട്ടിയുടെ പിന്തുണയോടെ എൻ. രംഗസ്വാമി സർക്കാർ രൂപീകരിച്ചു.

പുതുച്ചേരി നിയമസഭയുടെ ഒരു ലഘുവിവരണമാണിത്. മുഖ്യമായും തെരഞ്ഞെടുപ്പുകളെക്കുറിച്ചും മത്സരിച്ച സ്ഥാനാർത്ഥികളെക്കുറിച്ചും വിജയിച്ചവരെക്കുറിച്ചുമാണ് ഇതിൽ പറഞ്ഞിട്ടുള്ളത്. കൂട്ടത്തിൽ മത്സരിക്കാതെ അംഗമാവുകയും മത്സരിക്കാൻ ഇടകിട്ടാതെ പുറത്തുപോകേണ്ടിവരികയും ചെയ്ത ഒരു സംഭവം ഓർക്കേണ്ടതുണ്ട്. യുവാവായിരിക്കെ നിയമസഭയിലെത്തുകയും ആദ്യത്തെ

തവണതന്നെ മന്ത്രിയാവുകയും ചെയ്ത പി.@ ഷൺമുഖം പുതുച്ചേരി രാഷ്ട്രീയത്തിലെ അതികായനായിരുന്നു. മുപ്പത്തിമൂന്ന് വർഷം പുതുച്ചേരി സ്റ്റേറ്റ് കോൺഗ്രസ്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായിരുന്ന ഷൺമുഖം തുടർച്ചയായി മൂന്നുതവണ പാർലമെന്റ് അംഗമായിരുന്നു. 1969 മുതൽ 1973-വരെ നിയമസഭയിൽ പ്രതിപക്ഷനേതാവായിരുന്നു. 2001-ൽ നടന്ന തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സ് ഭൂരിപക്ഷംനേടി മന്ത്രിസഭ രൂപീകരിക്കുമ്പോൾ തെരഞ്ഞെടുപ്പിൽ മത്സരിച്ചിരുന്നിട്ടില്ലാത്ത പി. ഷൺമുഖംമുഖ്യമന്ത്രിസ്ഥാനത്തേക്ക് സ്വന്തം പേര് നിർദ്ദേശിച്ചു. സഭയിൽ അംഗമല്ലാത്തയാൾക്ക് മന്ത്രിയോ മുഖ്യമന്ത്രിയോ ആകുന്നതിന് തടസ്സമില്ല. പക്ഷെ, ആറു മാസത്തിനകം മത്സരിച്ച് സഭയിൽ അംഗമാകണം. മുഖ്യമന്ത്രിയായി 2001 മാർച്ച് 22 മുതൽ ഒക്ടോബർ 27 വരെ ഭരിച്ച ഷൺമുഖത്തിന് പക്ഷെ, നിയമസഭയിലേക്ക് മത്സരിക്കാൻ ആരും സീറ്റ് ഒഴിഞ്ഞുകൊടുത്തില്ല. അദ്ദേഹത്തിന് രാജിവെച്ച് പുറത്തുപോകേണ്ടിവന്നു. പുതുച്ചേരി രാഷ്ട്രീയത്തിലെ ഒരു അതികായന്റെ പതനത്തിന്റെ കഥയാണിത്.

കേന്ദ്രഭരണപ്രദേശം എന്ന നിലയിൽ സംസ്ഥാനങ്ങൾക്കുള്ള അത്രയും അധികാരം പുതുച്ചേരിയിലെ നിയമസഭക്കോ മന്ത്രിസഭക്കോ ഇല്ല. ലഫ്റ്റനന്റ് ഗവർണ്ണറുടെ അധികാരത്തിനുകീഴിൽ പ്രവർത്തിക്കുന്ന ഒരു ഉപദേശകസമിതിയുടെ പദവിയാണ് കേന്ദ്രഭരണപ്രദേശമായ പുതുച്ചേരി മന്ത്രിസഭക്കുള്ളത്. അതിനാൽ പലപ്പോഴും ജനാഭിലാഷത്തിന്റെ പ്രാതിനിധ്യമുള്ള സഭയും ലഫ്റ്റനന്റ് ഗവർണ്ണറും തമ്മിൽ ഏറ്റുമുട്ടലുകൾ ഉണ്ടാകാറുണ്ട്. അതിന്റെ ഏറ്റവും മോശം രൂപമാണ് നാരായണസ്വാമി - കിരൺ ബേദി കാലഘട്ടം കാണിക്കുന്നത്.

പുതുച്ചേരി നിയമസഭയിൽ മൂന്ന് നോമിനേറ്റഡ് എം. എൽ. എ-മാരുണ്ട്. ഭരിക്കുന്ന സർക്കാരാണ് ഈ മൂന്ന് അംഗങ്ങളെ നാമനിർദ്ദേശം ചെയ്യുക. അത് കേന്ദ്രത്തിലെ ആഭ്യന്തരമന്ത്രാലയം അംഗീകരിക്കുകയാണ് പതിവ്. ഇങ്ങനെ നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗങ്ങൾക്ക് സാധാരണനിലയിൽ വോട്ടവകാശം ഉണ്ടായിരിക്കില്ല. കേന്ദ്രത്തിൽ ബി. ജെ. പി. ഭരണത്തിൽ വന്നതോടെ ആഭ്യന്തരമന്ത്രാലയം നേരിട്ട് നാമനിർദ്ദേശം ചെയ്യുക എന്ന പുതിയ കീഴ്വഴക്കത്തിന് തുടക്കമിട്ടു. ഇത് ചോദ്യംചെയ്ത് സുപ്രീം കോടതിയിൽ നടന്ന കേസിൽ നാമനിർദ്ദേശം ചെയ്യാനുള്ള അധികാരം ആഭ്യന്തരമന്ത്രാലയത്തിനാണെന്ന് വിധിയുണ്ടായി. മാത്രമല്ല, വോട്ട

വകാശം ഉൾപ്പെടെ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്കുള്ള മുഴുവൻ അധികാരങ്ങളും നാമനിർദ്ദേശം ചെയ്യപ്പെട്ടവർക്കുണ്ടെന്നും സുപ്രീം കോടതി വിധിച്ചു. ഫലത്തിൽ മുപ്പത് നിയോജകമണ്ഡലങ്ങളിലെ അംഗങ്ങളുള്ള സഭയിൽ ഭൂരിപക്ഷത്തിന് ഇപ്പോൾ പതിനേഴ് അംഗങ്ങൾ വേണമെന്ന അവസ്ഥയായി.

പുതുച്ചേരി നിയമസഭയിലലെ മുപ്പത് നിയോജകമണ്ഡലങ്ങളിൽ ഇരുപത്തൊമ്പതാമത് നിയോജകമണ്ഡലമാണ് മയ്യഴി. ഏറ്റവും ഒടുവിലത്തെ[2] കണക്കനുസരിച്ച് മയ്യഴി നിയോജകമണ്ഡലത്തിലെ സമ്മതിദായകരുടെ കണക്ക് ചുവടെ കൊടുക്കുന്നു.

| | |
|---|---|
| ആകെ വോട്ടർമാർ | 29,736 |
| പുരുഷന്മാർ | 13730 |
| സ്ത്രീകൾ | 16006 |
| മൂന്നാം ലിഗം | 0 |

[2] പുതുച്ചേരിയിലെ ചീഫ് ഇലക്ടറൽ ഓഫീസർ 14 ഫെബ്രുവരി 2026-ന് പുറത്തിറക്കിയ കരട് വോട്ടർപട്ടികയിലെ കണക്കുകളാണിത്.